**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1854 | 14.08.2017 ൽ മറുപടിക്ക്

കക്കോടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പദവി ഉയർത്തൽ

| ചോദ്യം<br>ശ്രീ.എ. കെ. ശശീന്ദ്രൻ : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| | എലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കക്കോടി പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കുടുംബ ക്ഷേമകേന്ദ്രമായി ഉയർത്തുന്ന പ്രവൃത്തിയിൽ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചുവെന്നും ഈ പദ്ധതിക്കായി എത്ര രൂപ നീക്കിവെച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ ആകെ 680 പുതിയ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കക്കോടി പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒരു മെഡിക്കൽ ഓഫീസർ , രണ്ട് സ്റ്റാഫ് നേഴ്സ് ഒരു ലാബ് ടെക് നീഷ്യൻ എന്ന രീതിയിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവ കൂടാതെ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൽട്ടേഷൻ സൗകര്യങ്ങൾ,, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>ഇതിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 23 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി കെ.എം.എസ്.സി,എൽ വഴി നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിന് 23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 5 കോടി രൂപയുടെ ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി കെ.എം.എസ്.സി.എൽ വഴി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ